# ശ്രീനാരായണഗിരി എൽ.പി. സ്കൂൾ
# തോട്ടുമുഖം

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 - 2026

*അടിസ്ഥാന വിവരങ്ങൾ :*

| | | |
|---|---|---|
| **വിദ്യാലയത്തിന്റെ പേര്** | **:** | **ശ്രീനാരായണഗിരി**<br>**എൽ.പി. സ്കൂൾ തോട്ടുമുഖം** |
| **സ്കൂൾ കോഡ്** | **:** | **25235** |
| **വിദ്യാഭ്യാസ ജില്ല** | **:** | **ആലുവ** |
| **വിദ്യാഭ്യാസ ഉപജില്ല** | **:** | **ആലുവ** |
| **ബി.ആർ.സി.** | **:** | **ആലുവ** |
| **ഗ്രാമപഞ്ചായത്ത്** | **:** | **കീഴ്മാട്** |
| **ഇ-മെയിൽ** | **:** | **snglpsthottumugham25@gmail.com** |

## ആമുഖം

കേരള നവോത്ഥാന നായകൻ ശ്രീനാരായണ ഗുരുവിന്റെ പാദസ്പർശമേറ്റ് ചരിത്രത്തിന്റെ ഭാഗമായ വാല്മീകി കുന്നിന്റെ താഴ്വരയിൽ ഗുരു, ശിഷ്യനും സാമൂഹിക പരിഷ്കർത്താവുമായ സഹോദരൻ അയ്യപ്പനും അദ്ദേഹത്തിന്റെ പത്നി പാർവതി അയ്യപ്പനും ചേർന്ന് സ്ഥാപിച്ചതാണ് ശ്രീനാരായണഗിരി എൽ.പി. സ്കൂൾ. വാത്മീകി കുന്നിന്റെ മണ്ണ് പറയുന്നത് കേരള നവോത്ഥാനത്തിന്റെയും സാമൂഹിക പരിഷ്കരണത്തിന്റെയും ചരിത്രമാണ്. ആ ചരിത്രത്താളുകളിൽ സുവർണ്ണ ലിപികളാൽ എഴുതി ചേർക്കപ്പെട്ടതാണ് ശ്രീനാരായണഗിരിയും സേവിക സമാജവും. നാടിന്റെ സാംസ്കാരിക മണ്ഡലങ്ങളിൽ ശ്രീനാരായണഗിരി എൽ പി സ്കൂളിന് ചെറുതല്ലാത്ത സ്ഥാനം വഹിക്കാനായിട്ടുണ്ട് എന്ന വസ്തുത അഭിമാനത്തോടെ പറയാനാകും. 1966 ജൂൺ പത്താം തീയതി സ്കൂൾ പിറവിയെടുക്കുമ്പോൾ വിദ്യാഭ്യാസത്തെക്കുറിച്ച് സാമാന്യ ബോധം പോലുമില്ലാത്ത തീർത്തും അപരിഷ്കൃതമായ ഒരു സാമൂഹിക ക്രമമാണ് ഇവിടെ നിലനിന്നിരുന്നത്. അന്ധകാരത്തിലേക്ക് അറിവിന്റെ വെളിച്ചം എത്തിക്കുന്നതിൽ നിസ്വാർത്ഥ സേവികമാർ വഹിച്ച വിലമതിക്കാനാകാത്ത സേവനങ്ങളാണ് സ്കൂളിന്റെ വളർച്ചയ്ക്കും നാടിന്റെ പുരോഗതിക്കും നിദാനമായിട്ടുള്ളത്.

### നിലവിലെ അവസ്ഥ, വിദ്യാലയം പൊതുവിശകലനം :

പ്രകൃതിരമണീയമായ ഒരു കുന്നിൻ മുകളിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. ശാന്തവും സ്വച്ഛവുമായ ഒരു അന്തരീക്ഷത്തിലാണ് കുട്ടികൾ പഠനം നടത്തുന്നത്. കെ.ഇ.ആർ പ്രകാരമുള്ള വിശാലമായ ക്ലാസ് മുറികളാണ് ഉള്ളത്. ശിശു സൗഹൃദ രീതിയിൽ ചുവരുകൾ ചിത്രങ്ങളാൽ അലങ്കരിച്ചിരിക്കുന്നു. ഇത് കുട്ടികളുടെ മനസ്സിനെ സന്തോഷപ്രദമാക്കുന്നു.

2022–2023, 2023–2024 വർഷങ്ങളിൽ ആലുവ ഉപജില്ല കായികമേളയിൽ ഫസ്റ്റ് റണ്ണറപ്പ് ട്രോഫി നേടി.

2024 –2025 ൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി.

2023 –2024 ൽ വ്യക്തിഗത ചാമ്പ്യനുള്ള ട്രോഫിയും നേടി.

2024–2025ൽ അറബി കലോത്സവത്തിൽ ഓവറോൾ ട്രോഫി കരസ്ഥമാക്കി.

പ്രവർത്തി പരിചയമേളയിലും കുട്ടികൾ മികച്ച പ്രകടനം പുലർത്തുന്നു.

അക്കാദമിക കാര്യങ്ങൾക്ക് പുറമേ കുട്ടികളുടെ എല്ലാവിധത്തിലുള്ള ഉന്നമനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും നല്ല രീതിയിൽ നടന്നുവരുന്നു.

**ഉച്ചഭക്ഷണം :**

കുട്ടികളുടെ ആരോഗ്യത്തെ മുൻനിർത്തിയുള്ള ഭക്ഷണരീതികൾ ആണ് തുടർന്നു പോരുന്നത്. 2015–2016 അധ്യയന വർഷം എം.എൽ.എ. ഫണ്ടിൽനിന്നും അടുക്കള നിർമിക്കാൻ സാധിച്ചു. വിശാലമായ ഡൈനിങ് ഹാളും നിലവിലുണ്ട്.

**ശുചിമുറി :**

കുട്ടികളുടെ എണ്ണത്തിന് ആനുപാതികം ആയിട്ടുള്ളത് ഉണ്ട്.

**ലൈബ്രറി :**

ഓരോ ക്ലാസിലും ലൈബ്രറി ഉണ്ടെങ്കിലും പൊതുവായ ലൈബ്രറി ക്രമീകരിക്കുന്നതിനായി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**അക്കാദമികം :**

1. ജൂൺ 2ന് പ്രവേശനോത്സവത്തോടെ സ്കൂൾ തുറന്നു.
2. ജൂൺ 3 മുതൽ 13 വരെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളും നടന്നു.
3. നിരന്തര മൂല്യനിർണയത്തോടൊപ്പം മാസാവസാനം കുട്ടികൾ പഠന ലക്ഷ്യങ്ങൾ കൈവരിച്ചോ എന്ന് പരിശോധിക്കും.
4. ഓരോ ക്ലാസിലെയും അക്കാദമിക പ്രവർത്തനങ്ങൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കും.
5. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും എഴുതാനും വായിക്കാനുള്ള കഴിവ് നേടുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നൽകും.

6. സചിത്ര പുസ്തകം, സംയുക്ത ഡയറി, സർഗാത്മക രചനകൾ എന്നിവയുടെ സമയബന്ധിതമായ പ്രവർത്തനങ്ങൾ.

7. ഓരോ കുട്ടിയുടെയും നിലവാരത്തിനനുസരിച്ച്, വായനക്കുറിപ്പ് തയ്യാറാക്കൽ, വായന കാർഡ്, ലൈബ്രറി ബുക്ക് വിതരണം എന്നിവ നടത്തും.

8. എല്ലാ ക്ലാസിലും കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള സർഗാത്മക രചനകൾ, കഥ, കവിതാ രചന, വായനക്കുറിപ്പ്, ഡയറിക്കുറിപ്പ്, വിവരണം, ചിത്രരചന എന്നിവ ശേഖരിച്ച് കയ്യെഴുത്തു മാസിക പ്രകാശനം.

9. ഡിജിറ്റൽ തെളിവുകളുടെ പ്രകാശനം

**ഗണിതം :**

ഓരോ ക്ലാസിലെയും കുട്ടികൾ ക്ലാസ് നിലവാരത്തിനനുസരിച്ച് സംഖ്യാ ബോധം, സ്ഥാനവില, ചതുഷ്ക്രിയകൾ, പ്രായോഗിക പ്രശ്നാപഗ്രഥനം എന്നിവ സ്വായത്തമാക്കിയിരിക്കണം.

**പരിസര പഠനം :**

പ്രക്രിയ ശേഷികൾ ക്ലാസ് നിലവാരത്തിനനുസരിച്ച് നേടുക.

**അറബി :**

അറബി ഭാഷയുമായി ബന്ധപ്പെട്ട് ഭാഷയുമായി പരിചയമുണ്ടാക്കുകയും ഭാഷയിൽ ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കുവാനുള്ള താല്പര്യം ജനിപ്പിക്കുകയും ചെയ്യുന്നു. ഇ-ടെസ്റ്റ് ഉപയോഗിച്ച് സംഭാഷണം കേൾപ്പിക്കുന്നു.

**ഇംഗ്ലീഷ് :**

സ്വതന്ത്രമായിട്ട് സംസാരിക്കുന്നതിനുള്ള സാഹചര്യം ക്ലാസുകളിൽ ഒരുക്കുന്നു. ഭാഷാശേഷികൾ ഓരോ കുട്ടികൾക്കും കിട്ടത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

**ഐടി പഠനം :**

കളിപ്പെട്ടി ഉപയോഗിച്ച് ഐടി പഠനം ഫലപ്രദമായി നടപ്പിലാക്കുന്നു.

ഓരോ ക്ലാസിലും ഐടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടക്കുന്നു.

**സാമൂഹികം :**

വിദ്യാലയം എന്ന സമൂഹത്തിന്റെ പ്രവർത്തനത്തിന് മാനേജ്മെന്റിന്റെയും നല്ലവരായ നാട്ടുകാരുടെയും സഹായ സഹകരണങ്ങൾ നിർലോഭം ലഭിക്കുന്നു.

***വിദ്യാലയത്തിന്റെ പരിമിതികളും ശക്തികളും കണ്ടെത്തൽ***

**ശക്തി :**

അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നതിനും കുട്ടികളുടെ ഭരണനിലവാരം ഉയർത്തുന്നതിനും അഹോരാത്രം പ്രവർത്തിക്കുന്ന അധ്യാപകർ. ഉത്തരവാദിത്വത്തോടെയും ആത്മാർത്ഥതയോടെയും പ്രവർത്തിക്കുന്ന മാനേജ്മെന്റ്. കുട്ടികളുടെ പഠനകാര്യങ്ങളിൽ താല്പര്യമുള്ള രക്ഷകർത്താക്കൾ.

**പരിമിതികൾ :**

ഓഡിറ്റോറിയം (സ്റ്റേജ്) അഭാവം

സ്കൂൾ ലൈബ്രറി

**പൊതുലക്ഷ്യങ്ങൾ :**

സ്കൂളിലെത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഓരോ ക്ലാസിലും നേടേണ്ട പഠന ലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

**ഉപസംഹാരം :**

അക്കാദമിക മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് സ്കൂളിലെ കുട്ടികളുടെ സമഗ്ര ഗുണമേന്മ ഉറപ്പുവരുത്താൻ വേണ്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കും.